(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് സംസ്ഥാന സർക്കാരിന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

ഉത്തരം

(എ) കോംഗോ പനി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഗുജറാത്തിൽ കോംഗോ പനിബാധ ഉണ്ടായ ആശുപത്രിയിൽനിന്ന് കേരളത്തിലേക്ക് യാത്രചെയ്ത വ്യക്തികളെ സൂക്ഷ്മവും കർശനവുമായ നിരീക്ഷണത്തിൽ വയ്ക്കുകയും അവരുടെ എല്ലാവരുടേയും രക്ത സാമ്പിളുകൾ പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ അയച്ച് പരിശോധന നടത്തുകയുമുണ്ടായി. ഇവർക്കാർക്കും കോംഗോ പനി ഇല്ലായെന്ന് സ്ഥിരീകരിക്കുകയും ചെയ്തു.

(സി) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്ന് ചികിത്സാ നിർദ്ദേശങ്ങൾ, സാമ്പിൾ പരിശോധനക്കുള്ള നിർദ്ദേശങ്ങൾ, കേസ് റിപ്പോർട്ടിംഗിന് ആവശ്യമായ പട്ടികകൾ എന്നിവ ലഭിച്ചിട്ടുണ്ട്. ഇത് അനുസരിച്ചുള്ള നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

കോംഗോ പനിക്കെതിരെ ജാഗ്രതാ നിർദ്ദേശങ്ങൾ

8 (1726) ശ്രീ. എൻ. രാജൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോംഗോ പനിക്കെതിരെ ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പനിയുടെ പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം ; ഇതിനെ നേരിടാൻ എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോംഗോ പനിക്കെതിരായ ജാഗ്രതാ നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ആഫീസർമാർ മുഖേന എല്ലാ ഡോക്ടർമാർക്കും നൽകി. കോംഗോപനി ആകാൻ സാധ്യതയുള്ള ലക്ഷണങ്ങളുള്ളവരെ നിരീക്ഷണത്തിൽ വയ്ക്കുവാനും നിർദ്ദിഷ്ട പരിശോധന നൽകുവാനുമുള്ള നടപടികൾ സ്വീകരിച്ചു. എല്ലാ ആശുപത്രികളിലും രോഗാണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകുകയും സംസ്ഥാനതല കോൺഫറൻസിൽവച്ച് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് ഇതിനെക്കുറിച്ചുള്ള പരിശീലനവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെട്ടെന്നുണ്ടാകുന്ന കടുത്ത പനി, തലവേദന, ശരീരവേദന, ഛർദി തുടങ്ങിയ ലക്ഷണങ്ങൾ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഉണ്ടാവുക യാണെങ്കിൽ കോംഗോ പനിയുടെ സൂചനയായി കണക്കാക്കാം.

- ചിലയിനം മൃഗങ്ങളുടെ പുറത്തുകാണുന്ന ചെള്ളുപോലുള്ള പ്രാണിയുടെ കടി ;
- ഈ രോഗബാധയുള്ള മൃഗവുമായി സമ്പർക്കം ;
- ഈ രോഗബാധയുള്ള വ്യക്തിയുമായി സമ്പർക്കം ;

കോംഗോ പനി ആകാൻ സാധ്യതയുള്ള ലക്ഷണങ്ങളുള്ളവരെ നിരീക്ഷണത്തിൽ വയ്ക്കുവാനും നിർദ്ദിഷ്ട പരിശോധന നൽകുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ആശുപത്രികളിലും രോഗാണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

എ.പി.എൽ./ബി.പി.എൽ. വിഭാഗക്കാർക്ക് മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് സൗകര്യം നൽകുന്നതിന് പദ്ധതി

9 (1727) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ള എ.പി.എൽ./ ബി.പി.എൽ. വിഭാഗങ്ങൾക്ക് ഇപ്പോൾ നൽകുന്ന ചികിത്സാ ആനുകൂല്യങ്ങൾക്ക് പുറമേ മാരകരോഗങ്ങളുടെ ചികിത്സക്ക് കൂടുതൽ സൗകര്യം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ഹൃദ്രോഗം, വൃക്കരോഗം, കാൻസർ എന്നീ മാരകങ്ങളായ രോഗ ചികിത്സയ്ക്ക് പരമാവധി എന്തു തുകയുടെ സൗജന്യ ചികിത്സ ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി നൽകുന്ന ഇത്തരം ആനുകൂല്യങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിനായി പ്രതിവർഷം സംസ്ഥാന സർക്കാർ എന്തു തുക അധികചെലവ് വഹിക്കേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. എ.പി.എൽ. ഒഴികെയുള്ള കുടുംബങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന 30,000 രൂപയുടെ സൗജന്യചികിത്സാ ആനുകൂല്യങ്ങൾക്ക് പുറമേ ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ എന്നിവയുടെ ചികിത്സയ്ക്കായി 70,000 രൂപയുടെ അധിക സൗജന്യചികിത്സ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സഹകരണ ആശുപത്രികളിൽനിന്നും ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവയിൽനിന്നും നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly